**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇൻഷ്വർ ചെയ്യപ്പെട്ട പശു മരണപ്പെട്ടാൽ ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | **മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**<br><br>ഗോസമൃദ്ധി - എൻ.എൽ.എം ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷയുള്ള പശുക്കൾ മരണപ്പെട്ടാൽ 48 മണിക്കൂറിനുള്ളിൽ ആയത് ഇൻഷ്വറൻസ് കമ്പനിയെ മെയിൽ മുഖേന അറിയിക്കേണ്ടതാണ്. കൂടാതെ സർക്കാർ സർവീസിലുള്ള വെറ്ററിനറി സർജൻ പശുവിനെ പോസ്റ്റ്മോർട്ടം നടത്തി ക്ലെയിം ഫോമുകളും പോസ്റ്റ്മോർട്ടം നടത്തിയതിന്റെ ഫോട്ടോയും പശുവിന്റെ ഇയർടാഗ് കാണുന്ന രീതിയിലുള്ള ഫോട്ടോയും, ഇയർ ടാഗും, ഇൻഷ്വറൻസ് പോളിസി ലഭിച്ചതിന്റെ രേഖയും 20 ദിവസത്തിനുള്ളിൽ ഇൻഷ്വറൻസ് കമ്പനിക്ക് പോസ്റ്റ് മുഖേന അയച്ചു കൊടുക്കേണ്ടതാണ്. ഇൻഷ്വറൻസ് കമ്പനിക്ക് ക്ലെയിം ഫോം സമർപ്പിക്കുമ്പോൾ അതിനോടൊപ്പം സർക്കാർ സർവീസിലുള്ള മൃഗ ഡോക്ടർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട മൃഗത്തിന്റെ രണ്ട് ഫോട്ടോഗ്രാഫുകൾ - (ചെവിയിൽ ഇയർ ടാഗ് കാണിക്കുന്നതും, പോസ്റ്റ്മോർട്ടം ചെയ്യുന്നതിന്റെ ഫോട്ടോയും) ഉണ്ടായിരിക്കണം.<br><br>**ക്ഷീരവികസന വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**<br><br>• ഇൻഷ്വർ ചെയ്ത പശു മരണപ്പെട്ടാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട വിവരം ഇൻഷ്വറൻസ് സ്ഥാപനത്തെ അറിയിക്കുക.<br>• ഗവൺമെന്റ് വെറ്ററിനറി ഡോക്ടറുടെ പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റ് നിർബന്ധമാണ്.<br>• മരണപ്പെട്ട് കിടക്കുന്ന പശുവിന്റെ ഫോട്ടോയും പശുവിന്റെ പിൻവശത്ത് ഇൻഷ്വർ ചെയ്ത |

| | | | |
|---|---|---|---|
| | | | വ്യക്തി നിന്നുള്ള ഫോട്ടോയും ടാഗ് ചെയ്ത ചെവിയും, ടാഗ് നമ്പർ വ്യക്തമായി കാണത്തക്ക വിധ ത്തിലുള്ള ഫോട്ടോയും, ഡോക്ടർ പോസ്റ്റ്മാർട്ടം ചെയ്യുന്ന രണ്ട് ഫോട്ടോയും നിർബന്ധമാണ്.<br>• മരണപ്പെട്ട് പോയ പശുവിന്റെ ക്ലെയിം ലഭിക്കുവാൻ പശുവിന്റെ ടാഗ് താഴെപറയുന്ന ക്ലെയിം പേപ്പറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.<br>1. കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് ഒപ്പ് വെച്ച ക്ലെയിം ഫോം<br>2. പോസ്റ്റ്മാർട്ടം റിപ്പോർട്ട്<br>3. ചികിത്സാവിവരങ്ങൾ (ഉണ്ടെങ്കിൽ മാത്രം)<br>4. കർഷകന്റെ ആധാറിന്റെ പകർപ്പ്<br>5. കർഷകന്റെ പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് (അക്കൗണ്ട് നം., IFSC കോഡ് വ്യക്തമാക്കണം )<br>6. ഫോട്ടോ |
| (ബി) | ഇൻഷുർ ചെയ്യപ്പെട്ട പശുവും അതിന്റെ ഉടമയും മരണപ്പെട്ടാൽ പശുവിന്റെ ഇൻഷുറൻസ് തുക അവകാശികൾക്ക് ലഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | തടസ്സങ്ങൾ ഇല്ല.<br><br>**<u>മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി ഇൻഷുറൻസ്</u>**<br><br>ഇൻഷ്വർ ചെയ്ത പശുവും ഉടമയും മരണപ്പെട്ടാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് (legal heirship certificate) സമർപ്പിച്ചാൽ ഉടമയുടെ അനന്തരാവകാശിക്ക് ക്ലെയിം തുക നൽകുന്നതാണ്. പശു ആദ്യം മരണപ്പെട്ടാൽ ഉടമസ്ഥാവകാശം മാറ്റാനുള്ള അപേക്ഷ സമർപ്പിച്ചാൽ ഉടനെ തന്നെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് സാധിക്കുന്നതാണ്. ഇതിനു വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഇൻഷ്വറൻസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.<br><br>**<u>ക്ഷീരവികസന വകുപ്പിന്റെ കന്നുകാലി ഇൻഷുറൻസ്</u>**<br><br>ഇൻഷ്വർ ചെയ്ത പശുവിന്റെ മരണശേഷം കർഷകൻ മരണപ്പെട്ടാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമായി സമർപ്പിക്കേണ്ടതാണ്. കാരണം കന്നുകാലികളുടെ ഇൻഷ്വറൻസ് പോളിസിയിൽ അനന്തരവകാശികളുടെ വിവരങ്ങൾ ചേർക്കുന്നില്ല. ഒന്നിൽ കൂടുതൽ അനന്തരാവകാശികൾ ഉണ്ടെങ്കിൽ അതിൽ ഒരാളെ മാത്രം അനന്തരാവകാശിയായി പ്രഖ്യാപിച്ച് മറ്റ് അനന്തരാവകാശികൾക്ക് അതിൽ എതിർപ്പില്ലായെന്ന് നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് സമർപ്പിക്കേണ്ടതായിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | ഇൻഷ്വർ ചെയ്യപ്പെട്ട പശു മരണപ്പെട്ടതിനുള്ള ഇൻഷ്വറൻസ് തുക ലഭിക്കാൻ പത്മിനി. പി, കാരായിന്റവിട ഹൗസ്, പൂക്കോട്-പോസ്റ്റ്, തൃക്കണ്ണാപുരം നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കാമോ? | (സി) | ശ്രീമതി. പത്മിനി.പി., കാരായിന്റവിട ഹൗസ്, പൂക്കോട് - പോസ്റ്റ്, തൃക്കണ്ണാപുരം എന്ന കർഷക മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഗോസമൃദ്ധി - എൻ.എൽ.എം ഇൻഷ്വറൻസ് പദ്ധതിയിൽ പശുവിനെ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തിയല്ല.<br><br>എന്നാൽ പ്രസ്തുത പശു ഇൻഷ്വർ ചെയ്യപ്പെട്ടിരുന്നത് ഗംഗാധരൻ എന്ന കർഷകന്റെ പേരിലാണ്.<br><br>• പശുവിന് മരണം സംഭവിച്ചത് 01/11/2021 ലാണ്.<br>• മരണം സംഭവിച്ച് 24 മണിക്കൂറിനുള്ളിൽ വിവരം ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിരുന്നില്ല.<br>• 13/12/2021 ൽ ക്ലെയിമിന്റെ പേപ്പറുകൾ ലഭിച്ചപ്പോൾ മാത്രമാണ് മരണ വിവരം ഇൻഷ്വറൻസ് കമ്പനിയെ അറിയിച്ചത്.<br>• മരണവിവരം സമയത്ത് അറിയിച്ചിട്ടില്ലാത്തതിനാൽ കമ്പനി ക്ലെയിം നിരസിക്കുകയുണ്ടായി.<br>• ക്ഷീരവികസനഓഫീസറുടെ അപേക്ഷ പ്രകാരം ക്ലെയിം ഫയൽ വീണ്ടും പരിശോധിക്കുകയും ക്ലെയിം സെറ്റിൽ ചെയ്യുവാനും തീരുമാനിച്ചു.<br>• ക്ലെയിം അനുവദിച്ച തുക നൽകുന്നതിന് മുന്നോടിയായി ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലീഗൽഹെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനായി രേഖാമൂലം കർഷകനെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ലീഗൽഹെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ക്ലെയിം സെറ്റിൽ ചെയ്യാൻ സാധിച്ചിട്ടില്ല.<br>• ടി രേഖ സമർപ്പിക്കുന്ന മുറയ്ക്ക് ക്ലെയിം സെറ്റിൽ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ